പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 957

29..09..2011 -ൽ
മറുപടിയ്ക്ക്.

## സർക്കാർ, സ്വാശ്രയ കോളേജുകളിലെ ബി.ടെക്/എം.ടെക് സീറ്റുകൾ

| ചോദ്യം<br>ശ്രീ. പി. എ. മാധവൻ | | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സർക്കാർ-സ്വാശ്രയ കോളേജുകളിലായി ബി.ടെക് കോഴ്സുകളിൽ എത്ര സീറ്റുകൾ വർദ്ധിച്ചുവെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സർക്കാർ-സ്വാശ്രയ കോളേജുകളിലായി ബി.ടെക് കോഴ്സുകളിൽ 13533 സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ എം.ടെക് പഠനത്തിനായി എത്ര സീറ്റുകൾ വർദ്ധിച്ചുവെന്ന് അറിയിക്കാമോ; | (ബി) | 2010-11 അദ്ധ്യയന വർഷത്തിൽ ആകെ 1120 സീറ്റുകളാണ് എം.ടെക് പഠനത്തിനായി ഉള്ളത്. |
| (സി) | സംസ്ഥാനത്ത് ബി-ടെക് സീറ്റുകളുടെ വർദ്ധനയ്ക്ക് ആനുപാതികമായി എം.ടെക് സീറ്റുകൾ വർദ്ധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | അന്യ സംസ്ഥാനങ്ങളിലെ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ ഈ അവസരം മുതലാക്കി നിരവധി എം.ടെക് കോഴ്സുകൾ ആരംഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | അന്യസംസ്ഥാന വിദ്യാഭ്യാസ കച്ചവട ലോബികളുടെ ചൂഷണം ഒഴിവാക്കാൻ സംസ്ഥാനത്ത് കൂടുതൽ എം.ടെക് കോഴ്സുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ഇ) | സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ 2011-12 അദ്ധ്യയന വർഷത്തിൽ ഒൻപത് പുതിയ എം.ടെക് കോഴ്സുകൾ ആരംഭിച്ചു. എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലും കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും പുതിയ എം.ടെക് കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ